3. ഗ്രാമ പഞ്ചായത്തുകൾ .. 55372.78 ലക്ഷം രൂപ

4. മുനിസിപ്പാലിറ്റികൾ .. 8768.02 ലക്ഷം രൂപ

5. കോർപ്പറേഷനുകൾ .. 6993.27 ലക്ഷം രൂപ

മുകളിൽ പറഞ്ഞിരിക്കുന്ന തുക കൂടാതെ ഈ വർഷം ക്യാബിനറ്റ് സബ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 335.5 കോടി രൂപ അധിക പദ്ധതി വിഹിതമായി ആഗസ്റ്റു മുതൽ ഡിസംബർ വരെയുള്ള അഞ്ചു മാസ ഗഡുക്കളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 1311.22 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇനി 32780.57 ലക്ഷം രൂപ പദ്ധതിയിനത്തിൽ നൽകാൻ ബാക്കിയുണ്ട്.

(ഇ) ഉണ്ട്. നവംബർ 2003 വരെ നടത്തിയ പദ്ധതി നിർവ്വഹണ അവലോകനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്തുകൾ 26.46 ശതമാനം, ബ്ലോക്കു പഞ്ചായത്തുകൾ 26.62 ശതമാനം, ജില്ലാ പഞ്ചായത്തുകൾ 16.95 ശതമാനം, മുനിസിപ്പാലിറ്റികൾ 26.68 ശതമാനം, കോർപ്പറേഷനുകൾ 21.38 ശതമാനം എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്.

കംപ്യൂട്ടർവൽക്കരണ പദ്ധതി

124 [125] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കംപ്യൂട്ടർവൽക്കരണ പരിപാടിക്ക് ആകെ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടിയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള "ബോൾട്ട്" സ്കീമിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കംപ്യൂട്ടർവൽക്കരണത്തിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വിവിധ തരം സേവനങ്ങൾക്ക് "യൂസർ ചാർജ്ജ്" ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ എത്ര വീതമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാർ നൽകുന്ന അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ഉപയോഗിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ചുമതലയുള്ള ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ആകെ 33 കോടി രൂപയാണ് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്. ഈ വർഷം സംസ്ഥാന സർക്കാർ മിഷന് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം ഒരു കോടി രൂപയാണ്.

(ബി) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) അനുബന്ധം 2 ആയി ചേർന്നിട്ടുണ്ട്.†

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

പ്രോപ്പർട്ടി ടാക്സ്

125 [126] ശ്രീ. അടൂർ പ്രകാശ്:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, ടി. എൻ. പ്രതാപൻ:

,, വി. ഡി. സതീശൻ:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോപ്പർട്ടി ടാക്സ് കണക്കാക്കുന്നത് സാമ്പത്തിക വർഷത്തേക്കാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത നികുതി ഓരോ അർദ്ധ വർഷവും അടയ്ക്കുവാൻ നികുതിദായകർക്ക് അനുമതി നൽകാറുണ്ടോ;

(ബി) ഒരു വർഷത്തെ പ്രോപ്പർട്ടി ടാക്സ് ബന്ധപ്പെട്ട വർഷത്തിന്റെ അവസാനത്തിൽ അടയ്ക്കുമ്പോൾ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും ആദ്യ പകുതി വർഷത്തെ നികുതി കുടിശ്ശികയായി കണക്കാക്കി പിഴ പലിശ ഈടാക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ 1994-ലെ മുനിസിപ്പാലിറ്റീസ് ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഇപ്രകാരം പിഴപലിശ ഈടാക്കുന്നത് ക്രമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) സമൂഹത്തിലെ താഴെ തട്ടിലുള്ള ദരിദ്രർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള ഇത്തരം നടപടി ഒഴിവാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly